# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5948** — **08-07-2013 ൽ മറുപടിയ്ക്ക്**

## തരിശുരഹിത പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.കെ.രാജു<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.വി.ശശി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യസുരക്ഷ, സ്വയം പര്യാപ്തത എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനത്ത് തരിശുരഹിത പദ്ധതി കൃഷിവകുപ്പ് നടപ്പാക്കാനാരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന വ്യക്തമാക്കുമോ; | (എ) തരിശുഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിനും ഭക്ഷ്യസുരക്ഷയും സ്വയം പര്യാപ്തതയും കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്ത് തരിശുരഹിത പദ്ധതി പ്രകാരം തരിശുഭൂമി കൃഷി 868.96 ലക്ഷം രൂപയുടെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി ഫണ്ടുപയോഗിച്ച് 2012-13 വർഷം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് 2013-14 വർഷം 875 ലക്ഷം രൂപയുടെള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ബി) തരിശുഭൂമിയിൽ ഏതെല്ലാം ഇനം കൃഷികളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) നെല്ല്, പച്ചക്കറികൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാണ് തരിശുഭൂമിയിൽ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നത്. |
| (സി) ഇത്തരം ഭൂമിയിൽ കൃഷി ഇറക്കുന്നതിനും വിളവെടുക്കുന്നതിനുമുള്ള ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; വിത്തിനങ്ങൾ, വളങ്ങൾ എന്നിവ എങ്ങനെയാണ് വിതരണം ചെയ്യുന്നതെന്ന് വിശദമാക്കുമോ? | (സി) ഭൂഉടമകളുടെ അനുമതിയോടെ കൃഷി ചെയ്യാൻ തയ്യാറുള്ള കർഷകർ, കർഷകത്തൊഴിലാളികൾ, യുവജനങ്ങൾ സന്നദ്ധ സംഘടനകൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ, ജനശ്രീ, കർഷക ക്ലബുകൾ തുടങ്ങിയവയ്ക്ക് തരിശുഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യാവുന്നതാണ്. കൃഷി ചെയ്യുന്നവർക്ക് കൃഷിയിറക്കാൻ ആവശ്യമായ ധനസഹായവും ഭൂവുടമകൾക്ക് നൽകാനുള്ള സ്ഥല വാടകയും സർക്കാർ തരിശുഭൂമി കൃഷി പദ്ധതിയിലൂടെ ലഭ്യമാക്കുന്നതാണ്. ഇപ്രകാരം കൃഷി ചെയ്യുന്നവർക്കാണ് വിളവെടുക്കാനുള്ള അവകാശവും ഉള്ളത്. |

സെക്ഷൻ ഓഫീസർ